പോലീസ് വെരിഫിക്കേഷൻ.

* 416. [23] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വെരിഫിക്കേഷന്റെ ഫലമായി സർവ്വീസിൽ നിന്നും നീക്കംചെയ്യുകയും നിയമനം റദ്ദാക്കുകയും ചെയ്ത എത്ര കേസുകളിൽ ആഭ്യന്തരമന്ത്രിക്ക് പരാതി ലഭിച്ചിട്ടുണ്ടെന്നും, അതിലെത്രപേരുടെ കാര്യത്തിൽ പുനഃപരിശോധനയുടെ ഫലമായി ആദ്യതീരുമാനം റദ്ദാക്കേണ്ടതായി വന്നിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞവരുടെ പട്ടിക (രണ്ടിനത്തിലും) മേശപ്പുറത്തു വയ്ക്കുമോ ;

(സി) വെരിഫിക്കേഷൻ സംബന്ധിച്ച ജോലിയിൽ ക്രമക്കേടുകൾ കാണിച്ചതിന് എത്ര പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടികളെടുത്തിട്ടുണ്ട് ; അവരാരെല്ലാം ; നടപടിയുടെ ഇപ്പോഴത്തെ നിലയെന്ത് ;

(ഡി) ഈ വെരിഫിക്കേഷൻ സമ്പ്രദായം ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 129 പേരിൽനിന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. അഞ്ചുപേരുടെ കാര്യത്തിൽ പുനഃപരിശോധന നടത്തിയതിന്റെ ഫലമായി ആദ്യതീരുമാനം റദ്ദാക്കിയിട്ടുണ്ട്,

(ബി) പൊതുതാൽപ്പര്യത്തെ മുൻനിറുത്തി അവരുടെ പേരുവിവരം വെളിപ്പെടുത്തുവാൻ നിവൃത്യാഹമില്ല.

(സി) 37 പേരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്. പൊതുതാൽപ്പര്യത്തെ മുൻനിറുത്തി കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിവൃത്യാഹമില്ല.

(ഡി) ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുത്തു എന്നു പറഞ്ഞു. ഏതുതരത്തിലുള്ള കുറ്റത്തിനാണ് അവരുടെ പേരിൽ നടപടിയെടുത്തിട്ടുള്ളത് ? അന്വേഷണം നടത്തിയതിൽ ഏതു തരത്തിലുള്ള ക്രമക്കേടുകളാണ് ഈ ഉദ്യോഗസ്ഥന്മാർ നടത്തിയതെന്നു വ്യക്തമാക്കാമോ ?

ശ്രീ. ആർ. ശങ്കർ : മനഃപൂർവ്വം തെറ്റായ വിവരങ്ങൾ നൽകി എന്നുള്ളതിന്റെ അടിസ്ഥാനത്തിലും ചിലപ്പോൾ ഈ ആളുകളിൽനിന്നു കൈക്കൂലി ചോദിച്ചു എന്നും മറ്റുമുള്ള ചാർജ്ജിന്മേലുമാണ് നടപടി എടുത്തിട്ടുള്ളത്.

ശ്രീ. ഈ. പി. ഗോപാലൻ : പോലീസുദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുത്തിട്ടുള്ളതിൽ ഏതേതു ഇനത്തിൽപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുണ്ട്, ആഫീസർ കേഡറിലോ അല്ലെങ്കിൽ അതിനു താഴെയോയുള്ള എത്ര പോലീസുകാർ ഈ കൂട്ടത്തിലുണ്ട്. അപ്പോൾ ഇത്തരം വെരിഫിക്കേഷൻ നടത്തി തെറ്റായി അയച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വല്ലവർക്കും ജോലി കൊടുക്കാതെ വന്നിട്ടുണ്ടെങ്കിൽ, ഈ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി നടത്തിയതിന്റെ ഫലമായി, നേരത്തേ എടുത്തിട്ടുള്ള തീരുമാനം റദ്ദാക്കി ജോലി നിഷേധിക്കപ്പെട്ടിട്ടുള്ളവർക്ക് ജോലി തുടർന്നു കൊടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : സബ് ഇൻസ്പെക്ടർ മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിലാണ് പരാതിയുണ്ടായിട്ടുള്ളതും നടപടിയെടുത്തിട്ടുള്ളതും. അങ്ങനെ ഏതെങ്കിലും തെറ്റായ റിപ്പോർട്ടാണ് ഉദ്യോഗസ്ഥന്മാർ അയച്ചിട്ടുള്ളതെന്നു കണ്ടാൽ അതേപ്പറ്റി വീണ്ടും സൂപ്രീഡിങ്ങ് ആഫീസർ വേണ്ട അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികളും എടുത്തുവരികയുമാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : ഉദ്യോഗത്തിൽ നിയമിക്കുന്ന ആളെ സംബന്ധിച്ചിടത്തോളം അവരുടെ ഏതു തരത്തിലുള്ള വിവരം അന്വേഷിച്ചു് റിപ്പോർട്ട ചെയ്യണമെന്നാണു് പോലീസുകാക്കു് നിർദ്ദേശം കൊടുത്തിട്ടുള്ളതു്? ഉദാഹരണമായി പറയുകയാണെങ്കിൽ ഒരാൾ ഏതു രാഷ്ട്രീയപാർട്ടിയിൽ അംഗമാണെന്നുള്ളതോ, അയാളുടെ അച്ഛനോ അമ്മയോ സഹോദരനോ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിലെ അംഗമാണോ എന്നുള്ളതോ സംബന്ധിച്ചു് അന്വേഷിച്ച റിപ്പോർട്ടു് സമർപ്പിക്കണമെന്നാണോ ആവശ്യപ്പെട്ടിട്ടുള്ളതു് ?

ശ്രീ. ആർ. ശങ്കർ : ക്യാരക്ടർ ആൻഡ് ആൻറിസിഡൻറ്സ് ആണു് റിപ്പോർട്ടിനു് വിധേയമാകുന്ന കാര്യങ്ങളും. അതിനു് ഓരോ ഉദ്യോഗസ്ഥന്മാരും അവരുടെ ഡിസ്ക്രീഷനനുസരിച്ചു് റിപ്പോർട്ട ചെയ്യും.

ശ്രീ. എം. നാരായണക്കുറുപ്പു് : മുമ്പു് ഉദ്യോഗനിയമനത്തിനു ശേഷം വെരിഫിക്കേഷൻ നടത്തിയിരുന്നതുകൊണ്ടു് അവരെ പിരിച്ചു വിടുകയാണെങ്കിൽ ആ പിരിച്ചുവിട്ടതിൻെറ കാരണം എന്താണെന്നു് അവക്കു് മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. എന്നാൽ ഇന്നു വെരിഫിക്കേഷൻ നടത്തിയതിനു ശേഷമാണു് ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നതു്. അപ്പോഴും പി. എസ്സു്. സി. അഡ്വൈസു് ചെയ്താലും എന്തുകൊണ്ടാണു് ഉദ്യോഗം കിട്ടാത്തതു് എന്നുള്ള കാര്യത്തെപ്പറ്റി പി. എസ്സു്. സി. യിൽ അന്വേഷിച്ചാൽപോലും മനസ്സിലാക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടു് നിങ്ങളുടെ മുമ്പിൽ നിഷേധിക്കപ്പെട്ടിരിക്കുന്ന എന്ന വിവരം ഈ ആളുകളെ അറിയിക്കുന്ന ഒരു സമ്പ്രദായം ഗവണ്മെൻറു് ഏർപ്പെടുത്തുമോ ?

ശ്രീ. ആർ. ശങ്കർ : പബ്ലിക്കു് സർവ്വീസു് കമ്മീഷൻ അഡ്വൈസു് ചെയ്തുകഴിഞ്ഞാൽ ആ വിവരം ഉദ്യോഗാർത്ഥി അറിയുന്നു. മുമ്പു് നിയമനം വരാതിരുന്നാൽ ഇപ്രകാരം എന്തോ കുഴപ്പമുണ്ടെന്നുള്ളതു് ഊഹിക്കാവുന്നതേയുള്ളൂ.

ശ്രീ. സി. അച്യുതമേനോൻ : ക്യാരക്ടർ ആൻഡ് ആൻറിസിഡൻറ്സു് എന്നു പറഞ്ഞതുകൊണ്ടു് പറയുകയാണു്. ഇതേസംബന്ധിച്ചു് അന്വേഷിക്കുന്ന പോലീസുദ്യോഗസ്ഥൻ അയാൾക്കു് യുക്തമായ പരിപാടിയനുസരിച്ചു് അന്വേഷിച്ച റിപ്പോർട്ട സമർപ്പിക്കണമെന്നാണോ അതോ ഗവണ്മെൻറു് എന്തെങ്കിലും ഇൻസ്ട്രക്ഷൻ കൊടുക്കുകയാണോ ചെയ്തിട്ടുള്ളതു് ?

ശ്രീ. ആർ. ശങ്കർ : ആ ആളിൻെറ മുമ്പുള്ള നടപടികളെ ആസ്പദമാക്കി റിപ്പോർട്ടു് ആവശ്യപ്പെടുകയാണു് ചെയ്യുന്നതു്. മുമ്പുള്ള നടപടിയെന്നു പറഞ്ഞാൽ ഒരു രാഷ്ട്രീയപാർട്ടിയിലെ അംഗമാണോ അതിൽ പ്രവർത്തിക്കുകയാണോ എന്നുള്ള അഭിപ്രായവ്യത്യാസത്തിലല്ല. എന്നാൽ വിദ്ധ്വംസകപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ആളാണോ, ഇനിയും ഏർപ്പെടാൻ ഇടയുണ്ടോ എന്നുള്ള കാര്യങ്ങളെപ്പറ്റി അന്വേഷിക്കണമെന്നാണു് ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. സി. അച്യുതമേനോൻ : രാഷ്ട്രീയപാർട്ടിയിൽ അംഗമാണോ അല്ലയോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം, അയാളോ, അയാളുടെ കുടുംബത്തിലെ ആരെങ്കിലുമോ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിലെ അംഗമാണോ എന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു് പ്രത്യേകം ആവശ്യപ്പെടുകയില്ലെന്നാണു് മുഖ്യമന്ത്രിയുടെ ഉത്തരത്തിൽനിന്നു മനസ്സിലാകുന്നതു്. പക്ഷേ പോലീസുദ്യോഗസ്ഥന്മാർ അന്വേഷിച്ചു റിപ്പോർട്ട ചെയ്യുന്നതു് ഈ ഒരൊറ്റ കാര്യമാണെന്നുള്ളതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഈ അടിസ്ഥാനത്തിലല്ല റിപ്പോർട്ട ചെയ്യേണ്ടതു് എന്നു നിർദ്ദേശം കൊടുക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ടു്. മെംബറുടെ അറിവു് അതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly